**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമങ്ങൾ</u>**
**<u>കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,</u>**
**<u>തിരുവനന്തപുരം.</u>**

(ഹാജർ:സിദ്ധാർത്ഥൻ.എസ്.)

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയിലെ 2017-ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്.

പരാമർശം :- 1) ഈ കാര്യാലയത്തിലെ 03/06/2017-ലെ ഇതേ നമ്പർ ഉത്തരവ്.
2) 06/06/2017-ലെ ശ്രീ.കെ.എസ്.ഷാജി ഡ്രൈവർ-കം-ഓപ്പറേറ്റർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരത്തിന്റെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ എസ്.എച്ച്.(1)13223/2017, തീയതി-07/06/2017.</u>**

2017-ൽ ഡ്രൈവർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയിൽ പൊതിസ്ഥലംമാറ്റത്തിനായി കൊല്ലം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിലെ ശ്രീ.വി.എസ്.നന്ദകമാർ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചതിൻ പ്രകാരം തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ശ്രീ.കെ.എസ്.ഷാജിയെ കൊല്ലം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിലേയ്ക്കും ശ്രീ.വി.എസ്.നന്ദകമാറിനെ ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരത്തേയ്ക്കും പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം ശ്രീ.കെ.എസ്.ഷാജി സമർപ്പിച്ച അപേക്ഷയിൽ ടിയാന് കൊല്ലം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിലെ ഹെവി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഹെവി വെഹിക്കിൾസ് ലൈസൻസ് ഇല്ലായെന്നും, ഹെവി വെഹിക്കിൾ ഓടിച്ചുള്ള പരിചയമില്ലായെന്നും ആയതു പരിഗണിച്ച് ടിയാനെ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ തന്നെ നിലനിർത്തണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം കൊല്ലം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിലെ ശ്രീ.വി.എസ്.നന്ദകമാറിന് സ്ഥലംമാറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇനിയൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ ടിയാൻമാർ പ്രസ്തുത കാര്യാലയങ്ങളിൽ തന്നെ തുടരേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്,

ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരി മുഖേന)

ADMINISTRATIVE ASSISTANT
Directorate of Agriculture
Vikas Bhavan, Thiruvananthapuram

പകർപ്പ് :-

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം.
2) അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, കൊല്ലം.
3) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
4) കൃഷി ഡയറക്ടറുടെ സി.എ.യ്ക്ക്.
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.
6) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.ടി.സെൽ, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ 2017/അധികം.

BS- Ty-15/070617